കശുവണ്ടി മേഖലയിലെ നിയമനിഷേധം അവസാനിപ്പിക്കുവാൻ നടപടി

24 [3429] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ നിയമനിഷേധം അവസാനിപ്പിക്കുവാൻ എന്തു നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കശുവണ്ടി ഫാക്ടറികളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് ഊർജ്ജിതമായ പരിശോധനകൾ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി ഇപ്പോൾ നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ശക്തിപ്പെടുത്തുന്നതിനും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള എൻഫോഴ്സ്മെന്റ് റിവ്യൂ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കശുവണ്ടി മേഖലയിൽ വ്യാപകമായിട്ടുള്ള 'കമ്മീഷൻ പ്രോസസിംഗ്' സമ്പ്രദായം തടയുന്നതിനാവശ്യമായ നടപടികളും കൈക്കൊള്ളുന്നതാണ്.

(ബി) ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കശുവണ്ടി ഫാക്ടറികളിൽ ബഹുഭൂരിപക്ഷവും പ്രവർത്തിക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ കശുവണ്ടി ഫാക്ടറികൾ പരിശോധിക്കുന്നതിന് അതാത് ജില്ലകളിലെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ ഇ. എസ്. ഐ., പ്രോവിഡന്റ് ഫണ്ട്, ലീഗൽ മെട്രോളജി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, കശുവണ്ടി തൊഴിലാളി ക്ഷേമനിധി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെക്കൂടി ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്നു.

കശുവണ്ടി തൊഴിലാളികൾക്ക് സൗജന്യ റേഷൻ

25 [3430] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി മേഖലയിലെ ശോചനീയ സ്ഥിതി പരിഹരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കശുവണ്ടി തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി പരിഗണിച്ച് അവർക്ക് സൗജന്യ റേഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly